LIBRARY ARCHIVES Kerala Legislative Assembly

ജൈവ വൈപ്പിൻ പദ്ധതി

132 (1501) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ജൈവ വൈപ്പിൻ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ പ്രവൃത്തികളും പ്രത്യേകമായി ടെണ്ടർ ചെയ്യുന്നതിനും പ്രവൃത്തി നടപ്പാക്കൽ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) നബാർഡിന്റെ ആർ.ഐ.ഡി.എഫ് XX-ൽ ഉൾപ്പെടുത്തി കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻവഴി നടപ്പിലാക്കുന്ന 10 പ്രവൃത്തികളിൽ 9 എണ്ണം ഇ-ടെണ്ടർ ചെയ്തുകഴിഞ്ഞു. ബാക്കി ഒരെണ്ണം 36.91 കോടി രൂപയുടേതായതിനാൽ പ്രസ്തുത പ്രവൃത്തി വിവിധ പാർട്ടുകളായി തിരിച്ച് മാത്രമേ ടെണ്ടർ ചെയ്യുവാൻ സാധിക്കുകയുള്ളൂ. അതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ

133 (1502) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നീര ഉൽപ്പാദനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഉൽപ്പാദക ഫെഡറേഷനുകൾക്ക് ലൈസൻസ് നൽകാനുള്ള അധികാരം ആർക്കാണെന്ന് അറിയിക്കുമോ ;

(സി) ഏതു ഫെഡറേഷനുകൾക്ക് സർക്കാർ ലൈസൻസ് നൽകിയിട്ടുണ്ടെന്നും അവയിൽ ഏതു എണ്ണം റദ്ദ് ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ ; കാരണം വിശദമാക്കുമോ ;

(ഡി) നീര ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?